

# സ്വാമി അയ്യപ്പൻ

പാണ്ടിനാടോളം പെരുമയുള്ളതായിരുന്നു പന്തളത്തു രാജവംശം. അവിടത്തെ പ്രജാവത്സലനായ രാജാവായിരുന്നു രാജശേഖരവർമ, ശിവഭക്തൻ. മഹാറാണി അചഞ്ചലയായ വിഷ്ണുഭക്തയായിരുന്നു. വർഷങ്ങൾ നീണ്ട ദാമ്പത്യത്തിനൊടുവിലും ഇവർക്ക് സന്താന സൗഭാഗ്യം ലഭിച്ചില്ല. ഇതിൽ മഹാരാജാവും റാണിയും കുണ്ഠിതരായിരുന്നു.



ആരാധനാമൂർത്തികളായ ശിവനെയും വിഷ്ണുവിനെയും നിത്യേന ആരാധിച്ച് പുത്രലബ്ധിക്കായി ഇവർ പ്രാർഥിച്ചു.

ഒരിക്കൽ രാജശേഖരവർമ പരിവാരങ്ങളുമായി കാട്ടിൽ നായാട്ടിനു പുറപ്പെട്ടു. ഘോരവനാന്തരത്തിൽ ഹിംസ്ര ജന്തുക്കളെ പിന്തുടർന്ന് രാജാവും കൂട്ടരും പമ്പാനദിക്കരയിലെത്തി വിശ്രമിക്കുന്നതിനിടയിൽ നദിക്കരയിൽ ഒരു ശിശുവിന്റെ നിലയ്ക്കാത്ത രോദനംകേട്ട് രാജാവ് നടുങ്ങി.

കൊടുംകാട്ടിൽ മനുഷ്യശിശുവോ എന്നദ്ദേഹം ആശ്ചര്യപ്പെട്ടു. പോയി അന്വേഷിച്ചുവരാൻ മന്ത്രിയോടു കല്പിച്ചു. കാട്ടിൽ തേജോമയനായൊരു ബാലനെ ഉപേക്ഷിക്കപ്പെട്ട നിലയിൽ മന്ത്രി കണ്ടെത്തി.



മന്ത്രിയിൽനിന്നു വിവരമറിഞ്ഞ മഹാരാജാവ് കുട്ടിയുടെ അടുത്തേയ്ക്കോടി ദിവ്യരൂപം നിറഞ്ഞ ഈ കോമളരൂപന്റെ കണ്ഠത്തിൽ വിശേഷവിധിയായ മണികൂടി കണ്ടപ്പോൾ മഹാരാജാവ് കുഞ്ഞിനെ മണികണ്ഠനെന്നു പേരുചൊല്ലിവിളിച്ചു. മക്കളില്ലാത്ത തനിക്കു ദൈവം നീട്ടിയ നിധിയാണെന്നു കല്പിച്ചു മഹാരാജാവ് മണികണ്ഠനെ സ്വന്തം കൊട്ടാരത്തിലേക്കു കൊണ്ടുവന്നു.

രാജ്ഞിയും മണികണ്ഠനെ മകനായിക്കണ്ട് ഓമനിച്ചു വളർത്തി. കുറച്ചുകാലം കഴിഞ്ഞപ്പോൾ രാജ്ഞി സ്വന്തം കുഞ്ഞിനു ജന്മം നൽകി. അതോടെ, രാജ്ഞി മണികണ്ഠനിൽനിന്നു കുറെശ്ശേ അകന്നുതുടങ്ങി. എന്നാൽ, രാജശേഖര വർമ, മണികണ്ഠനെ സ്വന്തം മകനായിത്തന്നെ കരുതി.

രാജാവിനു മണികണ്ഠനോടുള്ള സ്നേഹംനിമിത്തം, സ്വന്തം മകന് രാജാധികാരം നഷ്ടപ്പെടുമോ എന്ന് രാജ്ഞി ഭയന്നു. മന്ത്രിയുടെ ഉപദേശംകൂടിയായപ്പോൾ മണികണ്ഠനെ വകവരുത്താൻതന്നെ അവർ തീരുമാനിച്ചു.



മന്ത്രിയുടെ ഉപദേശപ്രകാരം രാജ്ഞി രോഗം നടിച്ചു കിടപ്പിലായി. രോഗം മാറണമെങ്കിൽ പുലിപ്പാലുവേണമെന്നു കൊട്ടാരം വൈദ്യൻ കല്പിച്ചു. പുലിപ്പാലു കിട്ടുന്നതെങ്ങനെയെന്നോർത്ത് രാജാവ് കുണ്ഠിതപ്പെട്ടു. അപ്പോഴേയ്ക്കും അമ്മയെ രക്ഷിക്കാനുള്ള ദൗത്യം മണികണ്ഠൻ ഏറ്റെടുത്തു. പുലിപ്പാലുതേടിപ്പോകുന്ന മണികണ്ഠനെ പുലികൾ വകവരുത്തുമെന്നായിരുന്നു മന്ത്രിയും രാജ്ഞിയും കരുതിയത്.

അസ്ത്രങ്ങളുമായി മണികണ്ഠൻ കാടകം പൂകി. ഈ കൊടും കാട്ടിൽ മഹിഷി എന്നൊരു രാക്ഷസി പാർത്തിരുന്നു. എരുമയുടെ തലയും മനുഷ്യന്റെ ഉടലുമായൊരു വികൃതരൂപം. ഇന്ദ്രാദി ദേവതകളും മനുഷ്യരും മഹിഷിയെ ഭയന്ന് ആ വഴി സഞ്ചരിക്കാൻപോലും മടിച്ചിരുന്നു.

പുരുഷനും സ്ത്രീക്കുംകൂടി പിറന്ന ഒരാളും തന്നെ വധിക്കരുതെന്ന് മഹിഷി ബ്രഹ്മാവിൽനിന്നു വരം നേടിയിരുന്നു. മനുഷ്യകുലത്തെ മുഴുവൻ നിഗ്രഹിക്കാൻ മഹിഷി മദംപൊട്ടി നടക്കുകയായിരുന്നു. ഒടുവിൽ മഹിഷിയെ നിഗ്രഹിക്കാൻ ബ്രഹ്മാവുതന്നെ പദ്ധതിയുണ്ടാക്കി.

പാലാഴി കടഞ്ഞു പൊന്തിവന്ന അമൃത് അസുരന്മാർ കൈക്കലാക്കിയപ്പോൾ, അതു വീണ്ടെടുക്കാൻ മഹാവിഷ്ണു സുന്ദരിയായ മോഹിനീവേഷം കെട്ടിയ കഥ ബ്രഹ്മാവ് മഹേശ്വരന് വിവരിച്ചുകൊടുത്തു. കഥകേട്ട ശിവന് മോഹിനീരൂപം കാണണമെന്നു കലശലായ ആഗ്രഹം.

ബ്രഹ്മാവിന്റെ നിർദേശപ്രകാരം മഹാവിഷ്ണു, വീണ്ടും മോഹിനിവേഷം കെട്ടി ശിവനു മുന്നിലെത്തി. മോഹിനിയിൽ അനുരാഗബദ്ധനായ ശിവൻ അവളെ പ്രാപിച്ചു. ഈ ബന്ധത്തിൽപ്പിറന്ന കുഞ്ഞിനെ കൂട്ടിക്കൊണ്ടുപോകാൻ ശിവനും വിഷ്ണുവും വിസമ്മതിച്ചു. മഹിഷിയെ വധിക്കാൻ താനുദ്ദേശിച്ച പദ്ധതിയാണിതെന്നും കുഞ്ഞിനെ പന്തളത്ത് രാജാവ് വളർത്തുമെന്നും ബ്രഹ്മാവ് ഇരുവരെയും സമാധാനിപ്പിച്ചു. ഈ ശിശുവാണ് പന്തളത്തു കൊട്ടാരത്തിലെത്തിയത്.

പുലിപ്പാലുതേടി മണികണ്ഠൻ മഹിഷിയുടെ താവളത്തിൽ എത്തി. തന്റെ താവളത്തിലെത്തിയ മനുഷ്യബാലനെ നേരിടാൻ മഹിഷി ചീറിയടുത്തു. എന്നാൽ യുദ്ധത്തിൽ മണികണ്ഠൻ മഹിഷിയെ വധിച്ചു.

സന്തുഷ്ടരായ ദേവന്മാർ പുലിക്കൂട്ടവുമായി മണിക്ണ്ഠനു മുന്നിലെത്തി. അവയിൽ ഏറ്റവും മുതിർന്ന പുലിപ്പുറത്തുകയറി മണികണ്ഠൻ പന്തളം കൊട്ടാരത്തിലേക്കു പുറപ്പെട്ടു.



മണികണ്ഠൻ പുലിക്കൂട്ടവുമായി വരുന്നതറിഞ്ഞ് കള്ളദീനംനടിച്ചുകിടന്ന രാജ്ഞിയും, മന്ത്രിയും, കൊട്ടാരം വൈദ്യനും ഭയചകിതരായി. രാജശേഖര വർമ കാര്യങ്ങളിഞ്ഞു മണികണ്ഠന്റെ കാൽക്കൽ വീണു.

എന്നാൽ എല്ലാം ഈശ്വരനിശ്ചയമാണെന്നായിരുന്നു മണികണ്ഠന്റെ മറുപടി. അവതാര ദൗത്യം കഴിഞ്ഞ തനിക്ക് മടങ്ങാൻ സമയമായെന്ന് മണികണ്ഠൻ രാജാവിനെ അറിയിച്ചു.

മടങ്ങും മുമ്പ്, തന്നെ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്നവർക്കായി ഒരു ക്ഷേത്രം പണിയണമെന്ന് മണ്കണ്ഠൻ രാജാവിനോട് അപേക്ഷിച്ചു. താൻ കുലച്ചുവിടുന്ന അമ്പുകൊള്ളുന്ന സ്ഥലത്ത് ക്ഷേത്രം വേണമെന്നായിരുന്നു മണികണ്ഠന്റെ ആഗ്രഹം.

മണികണ്ഠൻ തൊടുത്തുവിട്ട അസ്ത്രം ശബരിമലയിലെ ഒരു വൃക്ഷത്തലപ്പിൽ പതിച്ചു. ഇതാണ് ഇന്ന് ശരംകുത്തി എന്നറിയപ്പെടുന്നത്. ശരംകുത്തിക്കു സമീപം രാജശേഖര വർമ മഹാരാജാവ് നിർമിച്ചതാണ് ശബരിമല ക്ഷേത്രത്തിന്റെ പൂർവരൂപം എന്നാണു വിശ്വാസം.

# മണ്ഡലകാലത്തെ വ്രതശുദ്ധി

**കണ്ഠരര് മോഹനര്** (ശബരിമല ക്ഷേത്രം തന്ത്രി)



ആസക്തികൾ അകറ്റിനിർത്താൻ വ്രതശുദ്ധിയോളം പോന്ന ഉപായങ്ങളില്ല മായാപ്രപഞ്ചത്തിൽ ലൗകിക സുഖങ്ങളോട് എക്കാലത്തും മനുഷ്യന് ആസക്തിയുണ്ടാവുക സ്വാഭാവികമാണ്. ആസക്തികൾ അതിരുവിടുമ്പോൾ മനസിനു ശരീരത്തിന്മേലുള്ള നിയന്ത്രണംവിടുന്നു. കടിഞ്ഞാൺ നഷ്ടപ്പെട്ട അശ്വത്തിനു സമമായി ഭ്രാന്തമായ സഞ്ചാര മാവും പിന്നീട് മനസും ശരീരവും നയിക്കുക. ഇതു പലപ്പോഴും അപ കടങ്ങളിലും ആത്യന്തികമായ ജീവിതപരാജയങ്ങളിലുമാണ് നമ്മെ കൊണ്ടുചെന്നെത്തിക്കുക.

ഇതിൽനിന്നുള്ള മോചനമാണ് വ്രതം. വ്രതത്തിന് ആദ്യം സജ്ജ മാകേണ്ടത് മനസാണ്. ഗ്രഹസ്ഥാശ്രമിയുടെ സന്യാസകാലമാണത്. ഭൂതകാലത്തെ വിലയിരുത്താനും ചെയ്തുപോയ അപരാധങ്ങൾക്ക് ഈശ്വരസാന്നിധ്യത്തിൽ മാപ്പപേക്ഷിക്കാനും തെറ്റുകളിൽനിന്നു സ്വയം പിന്തിരിയാനും യഥാർഥ വ്രതം ഉപകരിക്കും. ഉപകരിക്കണം.

ജീവിതത്തിന്റെ ഒരു ഘട്ടം ഇവിടെ ഇലപൊഴിക്കുന്നു. പുതിയൊരു മനുഷ്യനിലേക്കാണ് വ്രതശുദ്ധിയിലൂടെ നാമ്പിടുന്നത്. ഇങ്ങനെയൊരു സുവർണമാറ്റത്തിന് ശബരിമല ക്ഷേത്രത്തോളംപോന്ന മറ്റൊരു ഉപാധിയും ലോകത്തില്ല. ശബരിമലയിലേക്കുള്ള ഏതൊരു തീർഥാടകനും 41 ദിവസം കർശന വ്രതശുദ്ധി പാലിക്കണമെന്നാണു ക്ഷേത്രാചാരം നിഷ്കർഷിക്കുന്നത്.



വൃശ്ചികം ഒന്നുമുതൽ ധനു 11 വരെയാണ് ഒരു മണ്ഡലക്കാലം. അതിനു മുമ്പോ പിമ്പോ ദർശനം നടത്തിയാലും ഈ കാലഘട്ടം വ്രതത്തിന് അനുയോജ്യമാണ്. ആദ്യമായി ശബരിമലയിലെത്തുന്ന ഭക്തൻ കർശനമായും മണ്ഡലവ്രതം അനുഷ്ഠിക്കണമെന്നും താന്ത്രികമായി കല്പിതപ്പെട്ടിരിക്കുന്നു

ആശ്രമശുദ്ധി, ശരീരശുദ്ധി, ആഹാരശുദ്ധി, മനഃശുദ്ധി, കർമശുദ്ധി എന്നിങ്ങനെ വ്രതശുദ്ധിക്ക് പല ഘടകങ്ങളുണ്ട്. നാം അധിവസിക്കുന്ന താമസസ്ഥലവും പരിസരവുമാണ് ആശ്രമംകൊണ്ട് ഉദ്ദേശിക്കുന്നത്. നമ്മുടെ ശരീരം തന്നെയാണ് നമ്മിൽ അധിവസിക്കുന്ന ഈശ്വരന്റെ ആലയം. ശുദ്ധ മായ ശരീരത്തിലേ ഈശ്വര സാന്നിധ്യമുണ്ടാകൂ. ശരീരശുദ്ധിയില്ലെങ്കിൽ യഥാർഥ ഈശ്വരാരാധന അസാധ്യംതന്നെ.

വ്രതാനുഷ്ഠാനങ്ങളിൽ പ്രധാനമാണ് ആഹാരശുദ്ധി. നല്ല ആഹാരമാണ് ശരീരത്തെ പുഷ്ടിപ്പെടുത്തുന്നത്. വൃത്തിയുള്ളതും ചൂടുള്ളതുമായ ഭക്ഷണമാണ് വ്രതക്കാലത്തു പഥ്യം. നമുക്ക് നേരിടുന്ന പല രോഗങ്ങളും ആഹാരത്തിലൂടെയാണല്ലോ പകർന്നുകിട്ടുക. ആഹാര ശുദ്ധിയിലൂടെ ഈ രോഗങ്ങളെ ചെറുക്കാൻ കഴിയും.



ശരീരത്തെ രോഗവിമുക്തമാക്കുകയാണ് വ്രതശുദ്ധിയിലൂടെ ലക്ഷ്യംവയ്ക്കുന്നത്. മത്സ്യം, മാംസ്യം, മദ്യം, പഴകിയ ആഹാരം, ലഹരിമരുന്നുകൾ, പുകവലി, താംബൂലം തുടങ്ങിയവയൊക്കെ ശരീരത്തെ പ്രതികൂലമായിബാധിക്കുന്നതാണ് ഇത്തരം ആഹാര ങ്ങളെ സ്വയം വർജിക്കാൻ മണ്ഡലവ്രതം ഉപകരിക്കും. ശരി യായ അനുഷ്ഠാനങ്ങളിലൂടെ സ്വഭാവ വൈകൃതങ്ങളെ സ്ഥായിയായി ഒഴിവാക്കി നിർത്താനും കഴിഞ്ഞെന്നുവരും

കോടാനുകോടി ഈശ്വരസൃഷ്ടികളിൽ ഒന്നു മാത്രമാണ് മനുഷ്യൻ. നമ്മുടെ മനസും പ്രവൃത്തിയും മറ്റു സഹജീവികളെ ഒരുതരത്തിലും മുറിപ്പെടുത്താൻ പാടുള്ളതല്ല. മണ്ഡലവ്രതത്തിന്റെ മനഃശുദ്ധിയും കർമ ശുദ്ധിയും ഇതിനു നമ്മെ പ്രാപ്തരാക്കുന്നു.

മണ്ഡലക്കാലത്തെ പ്രധാന വ്രതാനുഷ്ഠാനമാണ് ബ്രഹ്മചര്യം. കർമത്തിൽ മാത്രമല്ല ചിന്തകളിൽപ്പോലും ഇന്ദ്രിയ നിയന്ത്രണം ഉള്ളതാണ് ബ്രഹ്മചര്യം. യമ നിയമങ്ങളിലൂടെ ഇന്ദ്രിയനിഗ്രഹം ചെയ്യണമെങ്കിൽ അപാരമായ മനഃശക്തിയുണ്ടാകണം. ഒരു ബ്രഹ്മചാരിയുടെ മനസ് ഉരുക്കുപോലെ ഉറച്ചതാവും. ഭോഗാ സക്തികൾക്ക് അയാളെ കീഴടക്കാനാവില്ല. ഇത്തരം മനസുള്ളവരെ തൃഷ്ണകൾ മോഹിപ്പിക്കുന്നില്ല. ഉറപ്പുള്ള മനസാണ് നിയന്ത്രണമുള്ള ശരീരത്തിന്റെ ഉടമസ്ഥൻ. അതിനുള്ള ഒരുക്കമാണ് വ്രതശുദ്ധിയുടെ മണ്ഡലക്കാലം.

ഉത്തമചിന്തകളാണ് മനഃശുദ്ധിയുടെ കാതൽ. യഥാർഥ അയ്യപ്പഭക്തൻ സത്യമേ പറയാവൂ. ധർമമേ ചെയ്യാവൂ. സ്നേഹം, ദയ, കാരുണ്യം, സഹായം, സഹാനുഭൂതി, സാന്ത്വനം, സമഭാവന തുടങ്ങിയവയാണ് തീർഥാടകന്റെ മുദ്രകൾ. കാമം, ക്രോധം, വിദ്വേഷം, മാത്സര്യം എന്നിവയ്ക്കൊന്നും തീർഥാടകമനസിൽ സ്ഥാനമുണ്ടാവരുത്.



ഗൃഹസ്ഥാശ്രമത്തിനിടെ വീണുകിട്ടുന്ന സന്യാസയോഗമാണ് മണ്ഡലക്കാലം. കർമകാണ്ഡത്തിൽ ചെയ്തു കൂട്ടുന്ന പാപകർമങ്ങൾ അയ്യപ്പസ്വാമിയുടെ തിരുമുമ്പിലെ ജ്വലിക്കുന്ന ഹോമകുണ്ഡത്തിൽ നിക്ഷേപിച്ച്, പാപമുക്തനായി, നന്മയു ടെയും സനാതന ധർമത്തിന്റെയും നേരറിവു നേടാനുള്ളതാണ് ശബരിമല തീർഥാടനം. സന്നിധാനത്തെത്തുന്ന ഏതൊരാളും അയ്യപ്പസ്വാമിയുടെ പ്രതിപുരുഷനാണ്. അതുകൊണ്ടാണ് തീർഥാടകരെ മറ്റെല്ലാവ രെയും ‘സ്വാമി’ എന്ന് അഭിസംബോധന ചെയ്യുന്നത്. ശരിയായ തീർഥാടകൻ അയ്യപ്പചൈതന്യം സ്വയംദ്യോതിപ്പിക്കുകയും അയ്യപ്പചരിതം സദാ ഉദ്ഘോഷിക്കുകയും ചെയ്യണം.

നിറവാർന്ന ഇരുമുടിക്കെട്ടാണ് ശബരിമല തീർഥാടകന്റെ മുഖമുദ്ര. ശുദ്ധമായ തുണിയിൽ തുന്നിയെടുത്ത പ്രത്യേക സഞ്ചിയാണ് പള്ളിക്കെട്ട്. കാവി, കറുപ്പ്, നീല, ചെമ്പട്ട് എന്നിവയൊക്കെ ഇരുമുടിക്ക് ഉത്തമമാണ്. ഇരുമുടിക്കെട്ടിനു മുന്നിലും പിന്നിലുമായി രണ്ട് അറകളുണ്ട്. മുന്നറയിൽ തിരുനടയിലേക്കുള്ള പൂജാദ്രവ്യങ്ങൾ നിറയ്ക്കണം. സ്വാമിക്ക് അഭിഷേകത്തിനുള്ള നെയ്, മുദ്ര, പനിനീർ, കളഭ ഭസ്മാദികൾ, കാണിപ്പൊന്ന് എന്നിവയൊക്കെ മുന്നറയിലാണ് നിക്ഷേപിക്കേണ്ടത്. അവൽ, മലർ, കൽക്കണ്ടം, തേൻ, ഫലങ്ങൾ എന്നിവ പിന്നറയിലുമായി കെട്ടുമുറുക്ക ണം. വാസനപ്പൂക്കളും സുഗന്ധതൈലവുംകൊണ്ട് അലങ്കരിച്ച വൃത്തിയുള്ള തുണിയിൽ പൊതിഞ്ഞ്, പുരോഭാഗം തിരിഞ്ഞ് ഇരുമുടിയേന്തിവേണം തീർഥാടകൻ പടിയിറങ്ങേണ്ടത്.

ശുദ്ധമായ മനുസും ശരീരവുമായി അയ്യപ്പസന്നിധി പൂകുന്ന ഏതൊരു ഭക്തനും സനാതനമൂർത്തിയായ അയ്യപ്പസ്വാ മിയുടെ വരദാനമുണ്ടാകുമെന്നു തീർച്ച.



ഹരിവരാസനം വിശ്വമോഹനം
ഹരിദധിശ്വരം ആരാധ്യപാധുകം
അരിവിമ്മർദനം നിത്യനർത്തനം
ഹരിഹരാത്മജം ദേവമാശ്രയെ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ

---

ശരണകീർത്തനം ഭക്ത്തമാനസം
ഭരണലോലുപം നർത്തനാലസം
അരുണഭാസുരം ഭൂതനായകം
ഹരിഹരാത്മജം ദേവമാശ്രയെ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ

---

പ്രണയസത്യകം പ്രാണനായകം
പ്രണതകൽപകം സുപ്രഭാഞ്ചിതം
പ്രണവമണിന്ദ്രം കീർത്തനപ്രിയം
ഹരിഹരാത്മജം ദേവമാശ്രയെ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ

---

തുരഗവാഹനം സുന്ദരാനനം
വരഗധായുധം വേദവർണിതം
ഗുരുക്രിപാകരം കീർത്തനപ്രിയം
ഹരിഹരാത്മജം ദേവമാശ്രയെ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ

---

ത്രിഭുവനർച്ചിത്തം ദേവതാത്മകം
ത്രിനയനം പ്രഭും ദിവ്യദേഷികം
ത്രിദശപൂജിതം ചിന്തിതപ്രദം
ഹരിഹരാത്മജം ദേവമാശ്രയെ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ

---

ഭവഭയാപഹം ഭാവുകാവഹം
ഭുവനമോഹനം ഭൂതിഭൂഷണം
ധവളവാഹനം ദിവ്യവാരണം
ഹരിഹരാത്മജം ദേവമാശ്രയെ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ

---

കളമൃദുസ്മിതം സുന്ദരാനനം
കളഭകോമളം ഗാത്രമോഹനം
കളഭകേസരി വാജിവാഹനം
ഹരിഹരാത്മജം ദേവമാശ്രയെ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ

---

ശ്രിതജനപ്രിയം ചിന്തിതപ്രദം
ശ്രുതിവിഭുഷണം സാധുജീവനം
ശ്രുതിമനോഹരം ഗീതലാലസം
ഹരിഹരാത്മജം ദേവമാശ്രയെ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ
ശരണം അയ്യപ്പാ സ്വാമി ശരണം അയ്യപ്പാ

---



*സ്വാമി ശരണം*